# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **31-10-2011-ൽ** |
| **ചോദ്യം നമ്പർ. 6251.** | **മറുപടിക്ക്** |

### മാര്യേജ് രജിസ്ട്രറിംഗ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എം.ഷാജി<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മമ്മൂട്ടി | ഡോ.എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാര്യേജ് രജിസ്റ്ററിംഗ് അതോറിറ്റിയായി ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ഏതു തസ്തികയിൽ ഉള്ളവരാണെന്ന് വ്യക്തമാക്കുമോ; അതത് ഓഫീസ് മേധാവിക്ക് ചുമതല നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ; | എ) | കോർപ്പറേഷനുകളിൽ ഹെൽത്ത് ഓഫീസർമാരും മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് സൂപ്പർവൈസർ / ഹെൽത്ത് ഇൻസ്പെക്ടർമാരും പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമാണ് മാര്യേജ് രജിസ്ട്രാർ അതോറിറ്റിയായി ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ. ഓഫീസ് മേധാവിക്ക് ചുമതല നൽകുന്നതിന് തടസ്സമില്ല |
| ബി | അതോറിറ്റിയായി ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ കുറച്ചുനാൾ ഇല്ലാത്ത അവസ്ഥയിൽ, പകരം ചുമതല നൽകാറുണ്ടോ; അതിനുള്ള നടപടി ക്രമം എന്താണെന്ന് വിശദമാക്കുമോ; | ബി | നൽകാറുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം തൊട്ടടുത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതല മാറ്റി നൽകാറുണ്ട്. |
| സി | മാര്യേജ് സർട്ടിഫിക്കറ്റിനു വേണ്ടി രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കേണ്ട രേഖകളും , | സി | 1. നാഷണാലിറ്റി, വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ<br>2. മെമ്മോറാണ്ടം രണ്ടു പകർപ്പ് (ഒരെ്യം |

| | | |
|---|---|---|
| | തെളിവുകളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | ഭർത്താക്കൻമാരുടെ ഫോട്ടോ പതിച്ചതും പൂർണ്ണമായി പൂരിപ്പിച്ചതും ഭാര്യാ ഭർത്താക്കൻമാരും സാക്ഷികളും ഒപ്പിട്ടതും)<br>3. അതേ ഫോട്ടോകളുടെ രണ്ട് അധിക പകർപ്പുകൾ<br>4. മതപരമായ വിവാഹം ആണെങ്കിൽ സ്റ്റാറ്റ്യൂട്ടറി നിയമ പ്രകാരമാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം , കല്ല്യാണ മണ്ഡപത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>5. ഫോറം നമ്പർ മൂന്നിലുള്ള തെളിവ്(എം.പി./എം.എൽ.എ/ ഗസറ്റഡ് ആഫീസർ /പഞ്ചായത്ത് മെമ്പർ എന്നിവരിൽ ആരെങ്കിലും നൽകിയത്) |
| ഡി) | ചട്ടപ്രകാരമുള്ള രേഖകളും, തെളിവുകളും ഹാജരാക്കിയ ശേഷവും ഭാര്യയും ഭർത്താവും കൂടി നേരിൽ രജിസ്റ്ററിംഗ് അധികാരിയുടെ മുമ്പിൽ ഹാജരായാലേ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | ഡി) വ്യവസ്ഥയുണ്ട്. എന്നാൽ ഭാര്യയും ഭർത്താവും രജിസ്റ്ററിൽ ഒപ്പുവെച്ച് വിവാഹം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ഭാര്യയും ഭർത്താവും രജിസ്റ്ററിംഗ് അധികാരിയുടെ മുമ്പിൽ നേരിട്ട് ഹാജരാകണമെന്ന് വ്യവസ്ഥയില്ല. |

Kumar Jalaja S
Section Officer